# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4809 — 24.07.2015 -ൽ മറുപടിക്ക്

## കൗമാര ആരോഗ്യ ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം :<br>,, ആർ. സെൽവരാജ് :<br>,, ലൂഡി ലൂയിസ് :<br>,, എം. പി. വിൻസെന്റ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൗമാര പ്രായക്കാരിലെ ആരോഗ്യ പ്രശ്നങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ കണ്ടുപിടിക്കുന്നതിനും ഫലപ്രദമായി ചികിത്സിക്കുന്നതിനും സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; | (എ) കൗമാര പ്രായക്കാരിലെ ആരോഗ്യപ്രശ്നങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി, എല്ലാ ജില്ലകളിലെയും ആസ്ഥാന ആശുപത്രികളിൽ ഓരോ കൗമാര സൗഹൃദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതോടൊപ്പം വിവിധ ജില്ലകളിലെ താലൂക്ക് ആശുപത്രികളിലായി ആറും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലായി നാലും കൗമാര സൗഹൃദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിലൂടെ കൗമാരക്കാർക്ക് പ്രധാനമായും കൗമാര ആരോഗ്യ ബോധവൽക്കരണം, ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സ, മാനസിക പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്, റഫറൽ സേവനങ്ങൾ എന്നിവയാണ് നൽകി വരുന്നത് . ഇതു കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, സ്കൂളുകളിലും മൊബൈൽ യൂണിറ്റുകളുടെ സേവനവും ലഭ്യമാണ്. |
| (ബി) എന്ന് മുതലാണ് കൗമാര ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു തുടങ്ങിയത് ; ഏതെല്ലാം ജില്ലകളിൽ ; | (ബി) 2012-13 സാമ്പത്തിക വർഷം മുതലാണ് കൗമാര ആരോഗ്യ ക്ലിനിക്കുകൾ കേരളത്തിൽ പ്രവർത്തനം തുടങ്ങിയത്. തുടക്കം മുതൽ ഈ ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. |

(......2)

| | |
|---|---|
| (സി) കൗമാര ആരോഗ്യ ക്ലിനിക്കുകൾ പി.എച്ച്.സി. കളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായ കൗമാര ആരോഗ്യ പദ്ധതി, രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം എന്ന കൂടുതൽ മെച്ചപ്പെട്ട രൂപത്തിലേക്ക് മാറ്റിയിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി, ആദ്യപടിയെന്ന നിലയ്ക്ക് പാലക്കാടും, വയനാടും ജില്ലകളിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി കൗമാര ആരോഗ്യ ക്ലിനിക്കുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. |
| (ഡി) നിലവിൽ സഞ്ചരിക്കുന്ന കൗമാര ആരോഗ്യ ക്ലിനിക്കുകളുടെ സേവനം ഏതെല്ലാം ജില്ലകളിൽ ലഭ്യമാണ് ? | (ഡി) സഞ്ചരിക്കുന്ന കൗമാര ആരോഗ്യ ക്ലിനിക്കുകളുടെ സേവനം നിലവിൽ കണ്ണൂർ ജില്ലയിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ